കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# അഴീക്കോട് ഗ്രാമ പഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട് – 2016-17


## ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ

ഇ-മെയിൽ - lfaddistofficeknr@gmail.com.


(രജിസ്റ്റർ ചെയ്ത കൈപ്പറ്റ ചീട്ടു സഹിതം)

നം.കെ.എസ്.എ-കെ.എൻ.ആർ./സി 5/1005 /2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ
ഇ-മെയിൽ - doknr.ksad@kerala.gov.in

ഫോൺ - 04972-707698

തീയ്യതി – 05.07.2017

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡണ്ട് (സെക്രട്ടറി മുഖാന്തരം),
അഴീക്കോട് ഗ്രാമപഞ്ചായത്ത് .

സർ,

വിഷയം :- അഴീക്കോട് ഗ്രാമപഞ്ചായത്ത് - 2016-2017 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

**********

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം വകുപ്പ് 215(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം അഴീക്കോട് ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ വരവുചെലവു കണക്കുകളുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർനടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ 2, 3 ഭാഗങ്ങളിലെ ഖണ്ഡികകളിലേയ്ക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം ഗ്രാമപഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരളപഞ്ചായത്ത് രാജ് - പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും - ചട്ടങ്ങളിലെ 14, 15 ചട്ടങ്ങൾ).

ഈ റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (1994ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 15(1) വകുപ്പ്, 1996 ലെ കേരള ലോക്കൽഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 20,23, 1997ലെ കേരളാ പഞ്ചായത്ത് രാജ് (പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ) ചട്ടങ്ങളിലെ 21(1)(2) ചട്ടങ്ങൾ എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് , തിരുവനന്തപുരം (ഇ മെയിൽ)

2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കണ്ണൂർ (ഉപരിപത്രം സഹിതം)

3) കാര്യാലയ പകർപ്പ്

MV

നം.കെ.എസ്.എ-കെ.എൻ.ആർ./സി 5/1005 /2017 തീയതി : 05.07.2017

## കണ്ണൂർ ജില്ലയിലെ അഴീക്കോട് ഗ്രാമ പഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷങ്ങളിലെ വരവു ചെലവു കണക്കുകളിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം വകുപ്പ് 215 (4), 1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്)

### ആമുഖം

അഴീക്കോട് ഗ്രാമ പഞ്ചായത്ത് 1-4-2016 മുതൽ 31-05-2017 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക് വിവിധ അക്കൗണ്ടുകളിൽ നിന്നുമുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിക്കുകയുണ്ടായി. ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പിലൂടെ ഗ്രാമപഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 11 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 11 എണ്ണത്തിനും മറുപടി ലഭിച്ചിട്ടുണ്ട്. പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൻമേലുള്ള തുടർ നടപടികൾ ഗ്രാമപഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നും ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിട്ടിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

എ. ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റ് നടത്താൻ ചുമതലപ്പെട്ട ഉദ്യോഗസ്ഥന്റെ പേര് : ശ്രീ. അശോകൻ മഠത്തിൽ, ഡെപ്യൂട്ടി ഡയറക്ടർ

| ഓഡിറ്റിന് വിനിയോഗിച്ച സമയം | ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥരുടെ പേര് | തസ്തിക |
|---|---|---|
| 01-06-2017 മുതൽ 13-06-2017 വരെ | ശ്രീമതി. രമണി കിഴക്കീൽ | ഓഡിറ്റ് ഓഫീസർ(ഹ ഗ്രേ) |
| | ശ്രീ. അനൂപ്. കെ.കെ. | സീനിയർ ഗ്രേഡ് ഓഡിറ്റർ |
| | ശ്രീ. ജഗദീഷ് ചന്ദ്ര | ഓഡിറ്റർ |

ബി. നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീമതി. സി.പ്രസന്ന. | 1-4-2016 മുതൽ 31-3-2017 വരെ |
| സെക്രട്ടറി | ശ്രീ. വി രഘുധരൻ | 1-4-2016മുതൽ 31-3-2017 വരെ |

സി. നിർവ്വഹണ ഉദ്യോഗസ്ഥൻ

| | | |
|---|---|---|
| അസിസ്റ്റന്റ് എഞ്ചിനീയർ | ശ്രീ. ജാക്സൺ ജോസഫ് | 1-4-2016 മുതൽ 6-7-2016 വരെ |
| | ശ്രീ. സന്തോഷ് പി. | 07-7-2016 മുതൽ 31-3-2017വരെ |
| കൃഷി ഓഫീസർ | ശ്രീ.ജിതേഷ് സി വി | 1-4-2016 മുതൽ 14-7-2016 വരെ |

| | | |
|---|---|---|
| | ശ്രീ.റോയ് തോമസ് | 15-7-2016മുതൽ 31-8-2016 വരെ |
| | ശ്രീ.വി പി രാജൻ | 1-9-2016 മുതൽ 31-3-2017 വരെ |
| വി.ഇ.ഒ.(നോർത്ത്) | ശ്രീ.നൗഷാദ് കെ.ബി | 1-4-2016 മുതൽ 31-3-2017 വരെ |
| വി.ഇ.ഒ. സൗത്ത് | ശ്രീമതി. ഷബാന വി പി | 1-4-2016 മുതൽ 31-3-2017 വരെ |
| ICDS സൂപ്പർവൈസർ | ശ്രീമതി. ശ്യാമള സി വി | 1-4-2016 മുതൽ 31-3-2017വരെ |
| മെഡിക്കൽ ഓഫീസർ ഹോമിയോ | ഡോ. രാമ സുബ്രഹ്മണ്യൻ | 1-4-2016മുതൽ 31-3-2017 വരെ |
| വെറ്റിനറി സർജൻ | ഡോ. ഒ എം അജിത | 1-4-2016 മുതൽ 31-3-2017 വരെ |
| അസിസ്റ്റന്റ് സെക്രട്ടറി | ശ്രീ. അനിൽ കുമാർ കെ പി | 01-4-2016 മുതൽ 23-8-2016 വരെ |
| | ശ്രീ. ടി പി അബ്ദുൾ ഖാദർ (ചാർജ്) | 24-8-16 മുതൽ 9-1-17 വരെ |
| | ശ്രീ. ശാന്തകുമാർ എ ആർ | 10-1-17 മുതൽ 31-3-17 വരെ |
| ഹെഡ് മാസ്റ്റർ | ശ്രീമതി . ലതിക ആർ | 1-4-2016 മുതൽ 31-3-2017 വരെ |
| ഫിഷറീസ് സബ് ഇൻസ്പെക്ടർ | ശ്രീ. വിനോദ് കെ | 1-4-16 മുതൽ 16-9-16വരെ |
| | ശ്രീമതി .ലൂസി ഐ | 17-9-16 മുതൽ 2-1-17 വരെ |
| | ശ്രീമതി .രമ്യശ്രീ പി വി | 3-1-17 മുതൽ 31-3-17വരെ |

ഉള്ളടക്കം


| ക്രമ നമ്പർ | വിവരണം | ഖണ്ഡിക നമ്പർ | പേജ് നമ്പർ |
|---|---|---|---|
| ഭാഗം 1 പൊതു അവലോകനം | | | |
| 1 | ബജറ്റ് | 1-1 | |
| 2 | വാർഷിക ധനകാര്യപത്രിക | 1-2 | |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം | 1-3 | |

| | | | |
|---|---|---|---|
| 4 | സാമ്പത്തിക വിശകലനം | 1-4 | |
| 5 | ഫണ്ട് വിനിയോഗം | 1-5 | |
| 6 | പദ്ധതി അവലോകനം | 1-6 | |
| 7 | തനത് വരുമാനം | 1-7 | |
| 8 | ക്ഷേമപദ്ധതികൾ | 1-8 | |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1-9 | |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 | |
| 11 | ആഭ്യന്തരനിയന്ത്രണം | 1-11 | |
| ഭാഗം 2 വരവ് കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | | | |
| 12 | പരസ്യനികുതി ഈടാക്കുന്നില്ല | 2-1 | |
| 13 | ഡി ആന്റ് ഒ ലൈസൻസ് അപാകങ്ങൾ | 2-2 | |
| 14 | വസ്തു നികുതി ഭീമമായ തുക പിരിച്ചെടുക്കാൻ ബാക്കി | 2-3 | |
| ഭാഗം 3 ചെലവ് കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | | | |
| 15 | വാഹനം - ഇന്ധനക്ഷമത പരിശോധന നടത്തുന്നില്ല | 3-1 | |
| 16 | എസ്.എസ്.എ വിഹിതം യു.സി ഹാജരാക്കാത്തത് | 3-2 | |
| 17 | ഗുണഭോക്തൃ പട്ടിക വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചില്ല. | 3-3 | |
| 18 | പദ്ധതി നടപ്പിലേക്കാവശ്യമായ മരുന്ന് സമയബന്ധിതമായി ലഭ്യമാക്കിയില്ല | 3-4 | |
| 19 | മരുന്ന് ലഭ്യമാക്കുന്നതിലെ കാലതാമസം | 3-5 | |
| 20 | വിനിയോഗ വിവരങ്ങൾ ലഭ്യമാക്കേണ്ടതാണ് | 3-6 | |
| 21 | ഗുണഭോക്തൃ സമിതി മുഖേന നടപ്പിലാക്കിയ | 3-7 | |

| | | | |
|---|---|---|---|
| | മരാമത്ത് പ്രവൃത്തികളിലെ അപാകങ്ങൾ | | |
| 22 | പട്ടികജാതി വ്യവസായ കേന്ദ്രം പ്രവർത്തന സജ്ജമാക്കുന്നതിനുള്ള പദ്ധതികൾ നടപ്പാക്കുന്നില്ല. | 3-8 | |
| 23 | ഈടാക്കിയ സർവ്വീസ് ടാക്സ് അടവാക്കുന്നില്ല | 3-9 | |
| 24 | ടെണ്ടർ ഫോറം വില ജില്ലാ പഞ്ചായത്തിൽ നിന്നും തിരികെ ലഭിക്കുന്നില്ല. | 3-10 | |
| 25 | മരാമത്ത് പ്രവൃത്തികൾ - രജിസ്റ്ററുകൾ അപൂർണം | 3-11 | |
| ഭാഗം 4. പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും | | | |
| 19 | സംയുക്ത പ്രൊജക്റ്റുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 | |
| 20 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-2 | |
| 21 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 | |
| 22 | വായ്പ/ വായ്പ തിരിച്ചടവ് | 4-4 | |
| 23 | സ്ഥിരനിക്ഷേപങ്ങൾ | 4-5 | |
| 24 | ഓഡിറ്റ് റിക്കവറി | 4-6 | |
| 25 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-7 | |
| 26 | ഓഡിറ്റ് പ്രത്യവലോകനം | 4-8 | |
| 27 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-9 | |
| | അനുബന്ധങ്ങൾ | | |

| | | | |
|---|---|---|---|
| 28 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | അനുബന്ധം1 | |
| 29 | ഇൻകം & എക്സ്പെന്റിച്ചർ സ്റ്റെയിറ്റ്മെന്റ് | അനുബന്ധം2 | |
| 30 | റസീറ്റ് & പെയ്മെന്റ് സ്റ്റെയിറ്റ്മെന്റ് | അനുബന്ധം3 | |
| 31 | ബാലൻസ് ഷീറ്റ് | അനുബന്ധം4 | |

## ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2016-17 ലെ ബജറ്റ് 3-3-2016 ലെ 54/2016 -)ഠനമ്പർ തീരുമാന പ്രകാരവും പുതുക്കിയ ബജറ്റ് 20-3-2017 ലെ 60/2017(1)-)ഠനമ്പർ തീരുമാന പ്രകാരവും അംഗീകരിച്ചിട്ടുണ്ട്. ബജറ്റ് പ്രകാരമുള്ളതും യഥാർത്ഥത്തിൽ ഉള്ളതുമായ വരവ് ചെലവ് തുകകൾ താഴെ കൊടുക്കുന്നു.

| | ബജറ്റ് പ്രകാരം ഉള്ളത് ₹ | പുതുക്കിയ ബജറ്റ് പ്രകാരമുള്ളത് ₹ | വാർഷിക കണക്ക് പ്രകാരം ഉള്ളത് ₹ |
|---|---|---|---|
| മുന്നിരിപ്പ് | 87,02,430 | 4,31,53,625.55 | 4,31,53,625.55 |
| വരവ് | 7,40,37,120 | 8,85,70,879.00 | 6,73,52,033.00 |
| ആകെ | 8,27,39,550 | 13,17,24,504.55 | 11,05,05,658.55 |
| ചെലവ് | 7,67,57,300 | 11,65,14,080.00 | 6,14,97,479.00 |
| നീക്കിയിരിപ്പ് | 59,82,250 | 1,52,10,424.55 | 4,90,08,179.55 |

## 1-2 വാർഷിക ധനകാര്യപത്രിക.

| വർഷം | ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി |
|---|---|---|---|
| 2016-17 | 31-7-2016 | 29.05.2017 | തിരിച്ചയച്ചിട്ടില്ല |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റിന്റെ തരം |
|---|---|---|
| 2016-17 | 03.06.2017 | വിശേഷണങ്ങളോട് കൂടിയ സാക്ഷ്യപത്രം |

വാർഷിക ധനകാര്യപത്രികയിൽ താഴെപ്പറയും പ്രകാരം അപാകങ്ങളുണ്ട്.

1. വസ്തുനികുതി ഡിമാന്റ് രജിസ്റ്റർ സൂക്ഷിക്കുന്നില്ല.
2.Income@ Expenditure Statement ൽ MGNREGS വരവു തുക(രജിസ്റ്റർ പ്രകാരമുള്ളത്) മുഴുവനായും ഉൾപെടുത്തിയില്ല. 3307 രൂപയുടെ കുറവ് സംഭവിച്ചിട്ടുണ്ട്.
3.ആസ്തി ബാധ്യതാ രജിസ്റ്റർ തയ്യാറാക്കി സൂക്ഷിക്കുന്നില്ല.

## 1-4 സാമ്പത്തിക വിശകലനം

| വർഷം | 2016-17 |
|---|---|
| മുന്നിരിപ്പ് | 4,31,53,625.55 |
| വരവ് | 6,73,52,033.00 |
| ആകെ | 11,05,05,658.55 |
| ചെലവ് | 6,14,97,479.00 |
| നീക്കിയിരിപ്പ് | 4,90,08,179.55 |

തൊഴിലുറപ്പ് പദ്ധതിയിൽ EFMS വഴി നൽകിയ തുക, ക്ഷേമ പെൻഷൻ തുക, ഗുണഭോക്താക്കളുടെ അക്കൗണ്ടിലേക്ക് നേരിട്ട് നൽകിയത് മുതലായവ റസീറ്റ് ആന്റ് പേമെന്റ് സ്റ്റേറ്റ്മെന്റിൽ ഉൾപ്പെടുന്നില്ല. ആയത് ഒഴിവാക്കിയാണ് സാമ്പത്തിക വിശകലനം തയ്യാറാക്കിയത്.

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻ ബാക്കി ₹ | വരവ് അലോട്മെന്റ് (ACR പ്രകാരം) ₹ | ആകെ ₹ | ചെലവ് ₹ | നീക്കിയിരിപ്പ് (കൺസോളിഡേറ്റഡ് ഫണ്ട്) ₹ | ചെലവ് % |
|---|---|---|---|---|---|---|
| വികസനഫണ്ട് (പൊതു വിഭാഗം) | 0 | 18590254 | 18590254 | 16294911 | 2295343 | 87.65 |
| വികസനഫണ്ട് (എസ്.സി.പി) | 0 | 5404035 | 5404035 | 2945560 | 2458475 | 54.5 |
| വികസനഫണ്ട് (ടി.എസ്.പി) | - | - | - | - | - | |
| സംരക്ഷണ ഗ്രാന്റ് (റോഡ്) | 0 | 5155758 | 5155758 | 2423091 | 2732667 | 47 |
| സംരക്ഷണ ഗ്രാന്റ് (റോഡിതരം) | 0 | 5167869 | 5167869 | 4746812 | 421057 | 91 |
| 13-)oധനകാര്യ കമ്മീഷൻ അവാർഡ് | 0 | 9496274 | 9496274 | 4328897 | 5167377 | 45.58 |
| എം.ജി.എൻ.ആർ.ഇ.ജി.എസ്. | 617 | 541522 | 542139 | 540832 | 1307 | 99.76 |
| ബി. ഫണ്ട് | 0 | 18482660 | 18482660 | 18482660 | 0 | 100 |
| ലോകബാങ്ക്സഹായം | 0 | 5844935 | 5844935 | 727091 | 5117844 | 12 |

## 1-6 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷങ്ങളിൽ അംഗീകാരം ലഭിച്ച പ്രോജക്റ്റുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | നടപ്പാക്കിയത് (എണ്ണം) | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്റ്റുകളുടെ % |
|---|---|---|---|---|
| 209 | 139 | 4 | 66 | 66.50 |

## 1-7 തനത് വരുമാനം

മുൻവർഷത്തേക്കാൾ സ്ഥാപനത്തിന് ഈ സാമ്പത്തികവർഷത്തിൽ തനതു വരുമാനത്തിൽ താഴെ പറയും പ്രകാരം വർദ്ധനവ് ഉണ്ടായിട്ടുണ്ട്.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | ശതമാനം (+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 5916682 | 7506623 | +1589941 | 27 |
| നികുതിയേതര വരവുകൾ | 729337 | 2040028 | +1310691 | 180 |
| മറ്റ് വരവുകൾ | 855825 | 233281 | -622544 | (-) 72 |
| ആകെ | 7501844 | 9779932 | 2278088 | +30 |

## 1-8 ക്ഷേമപദ്ധതികൾ

2016-17 വർഷം ഗ്രാമ പഞ്ചായത്ത് നടപ്പിലാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക ₹ | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽ രഹിത വേതനം | 1,22,880 | 68 |
| കർഷകതൊഴിലാളി പെൻഷൻ | 9,00,000 | 355 |
| വിധവാ പെൻഷൻ | 36,59,650 | 1442 |
| വാർദ്ധക്യകാല പെൻഷൻ | 97,94,675 | 4290 |
| വികലാംഗ പെൻഷൻ | 10,49,405 | 438 |
| അവിവാഹിത പെൻഷൻ | 12,06,050 | 474 |
| വിവാഹ ധനസഹായം | 16,90,000 | 59 |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്റ്റിലെ 6(4)-)o വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 02-06-2017 ന് 4.00 p.m മണിക്ക് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ ₹ 67,475 യുടെ ക്യാഷ് ബാലൻസിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 27-7-2013 | 2008-09 To 2012-13 | 22-3-2008 |
| പെർഫോമൻസ് ഓഡിറ്റ് | 18-5-2017 | 1-1-2017 to 31-3-2017 | ലഭിച്ചിട്ടില്ല |

## 1-11 ആഭ്യന്തര നിയന്ത്രണം ശക്തിപ്പെടുത്തേണ്ടതാണ്.

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 180ാം വകുപ്പ് പ്രകാരം ഒരു ഗ്രാമ പഞ്ചായത്തിലെ ലെ മുഴുവൻ ജീവനക്കാരും (റഗുലർ ജീവനക്കാർ) സർക്കാർ ജീവനക്കാർ എന്ന നിലയിൽ സർക്കാർ പുറപ്പെടുവിക്കുന്ന നിയമനിർദ്ദേശങ്ങൾക്കനുസരിച്ച് പ്രവർത്തിക്കുന്നതോടൊപ്പം തന്നെ തെരഞ്ഞെടുക്കപ്പെട്ട പ്രാദേശിക സർക്കാരിന്റെ നിയന്ത്രണത്തിലുള്ള ജീവനക്കാർ എന്ന നിലയിൽ ഗ്രാമ പഞ്ചായത്ത് ഏൽപ്പിക്കുന്ന നിയമാനുസൃത ഉത്തരവുകൾ നിർവഹിക്കേണ്ടതുമാണ്.

ഇത് സംബന്ധിച്ച് ത.സ്വ.ഭ .വ സെക്രട്ടറിയുടെ 3.11.2006 ലെ 45778/പി എ 3/2006 സർക്കാർ കത്തിന്റെ അടിസ്ഥാനത്തിൽ പഞ്ചായത്ത് ഡയരക്ടർ 18/1/2007 ലെ H1/13880/2006 പുറപ്പെടുവിച്ച പ്രത്യേക കത്ത് പ്രകാരം ഗ്രാമ പഞ്ചായത്തിന്റെ ആഭ്യന്തരനിയന്ത്രണം ശക്തിപ്പെടുത്തേണ്ടുന്ന നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. ഇത് സംബന്ധിച്ച് പ്രധാന വിവരങ്ങൾ താഴെ കൊടുക്കുന്നു.

(ഒന്ന്) സ്റ്റാഫ് മീറ്റിങ് : ജീവനക്കാരുടെ ജോലി പുരോഗതിയും ഗ്രാമ പഞ്ചായത്തിന്റെ പ്രവർത്തന പുരോഗതിയും വിലയിരുത്തുവാൻ സെക്രട്ടറി ജീവനക്കാരുടെ പ്രതിമാസ യോഗം പ്രസിഡണ്ടിന്റെ അദ്ധ്യക്ഷതയിൽ വിളിച്ചു ചേർക്കുവാൻ ബാധ്യസ്ഥനാണ്. യോഗത്തിൽ ഫ്രണ്ട് ഓഫീസ് പ്രവർത്തനം നിർബന്ധിത അജണ്ടയായി ചർച്ച ചെയ്യേണ്ടതുമാണ്.

ഓഡിറ്റിന് ഹാജരാക്കിയ സ്റ്റാഫ് മീറ്റിങ് റജിസ്റ്റർ പ്രകാരം മേൽ നിബന്ധന കൃത്യമായി പാലിക്കുന്നില്ല എന്ന് കാണുന്നു. ഏപ്രിൽ, ജൂൺ, ആഗസ്റ്റ്, ഡിസമ്പർ മാസങ്ങളിൽ മാത്രമാണ് യോഗം ചേർന്നിട്ടുള്ളത്

(രണ്ട്) ജോലി നിർവഹിക്കുന്നതിലെ വീഴ്ച മൂലം ഗ്രാമ പഞ്ചായത്ത് ഫണ്ടിന് ഉണ്ടാകാവുന്ന എല്ലാവിധ നഷ്ടങ്ങൾക്കും /ബാധ്യതകൾക്കും പ്രസ്തുത സെക്ഷന്റെ ചുമതലയുള്ള ജീവനക്കാരൻ മാത്രമായിരിക്കും ഉത്തരവാദി എന്ന വിവരം ഓഫീസ് ഉത്തരവിൽ ചേർത്തു കാണുന്നില്ല. ആയത് ചേർക്കേണ്ടതാണ്. (1997ലെ കേരള പഞ്ചായത്ത് രാജ് (പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും) ചട്ടങ്ങൾ ചട്ടം12(4) കാണുക.

(മൂന്ന്) വ്യക്തി വിവര റജിസ്റ്റർ സൂക്ഷിക്കേണ്ടതാണ്: ഗ്രാമ പഞ്ചായത്തിൽ വിവിധ തസ്തികകളിൽ (വിട്ടുകിട്ടിയ സ്ഥാപനങ്ങളിലെ തലവനടക്കമുള്ളത്) വിവിധകാലയളവുകളിൽ സേവനമനുഷ്ഠിച്ചവരുടെ പേര്,വിലാസം,സേവനകാലയളവ് , സ്ഥലം മാറ്റ വിവരം, മേൽ ഖണ്ഡിക 2പ്രകാരം അവർക്കെതിരേയുള്ള ഓഡിറ്റ് പരാമർശം എന്നീ വിവരങ്ങൾ അടങ്ങിയ റജിസ്റ്റർ കൃത്യമായി സൂക്ഷിക്കേണ്ടതാണ്. ആയത് സൂക്ഷിച്ചിട്ടുണ്ട് എന്നാണ് വിശദീകരിക്കപ്പെട്ടതെങ്കിലും പരിശോധനക്ക് ഹാജരാക്കുകയുണ്ടായില്ല.

# ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 പരസ്യനികുതി ഈടാക്കുന്നില്ല

1994ലെ കേരള പഞ്ചായത്ത് രാജ് നിയമം 209ാം വകുപ്പിൽ നിർദേശിച്ച പ്രകാരമുള്ള പരസ്യനികുതി ഗ്രാമപഞ്ചായത്തിൽ ഓഡിറ്റ് കാലയളവിൽ ഈടാക്കിയതായി കാണുകയുണ്ടായില്ല. പ്രസ്തുത വകുപ്പ് പ്രകാരം ഒരു ഗ്രാമപഞ്ചായത്ത് പ്രദേശത്തെ ഏതെങ്കിലും സർക്കാർവക സ്ഥലത്തോ, സ്വകാര്യസ്ഥലത്തോ പൊതുജനങ്ങൾക്ക് കാണത്തക്കവിധം പ്രദർശിപ്പിക്കുന്നുണ്ടെങ്കിൽ പരസ്യത്തിന്റെ ഉടമ സർക്കാരിന്റെ അംഗീകാരത്തോടെ ഗ്രാമപഞ്ചായത്ത് നിശ്ചയിക്കുന്ന നിരക്കിൽ പരസ്യ നികുതി ഒടുക്കുവാൻ ബാധ്യസ്ഥരാണ്.

അഴീക്കോട് ഗ്രാമപഞ്ചായത്തിൽ ഉൾപ്പെട്ട റോഡുകളുടെ ഇരുപുറങ്ങളിലുമായും, വൻകുളത്തുവയൽ , പൂതപ്പാറ തുടങ്ങിയ സ്ഥലങ്ങളിലും ഇത്തരം ധാരാളം പരസ്യങ്ങൾ ഉണ്ടെങ്കിലും പരസ്യനികുതി ഇനത്തിൽ വരവൊന്നും തന്നെ ഗ്രാമ പഞ്ചായത്തിൽ ഈടാക്കിയതായി കാണുന്നില്ല.

ആയതിനാൽ ഗ്രാമപഞ്ചായത്തിൽ അടിയന്തിരമായി ഇക്കാര്യത്തിലേക്ക് കേരള പഞ്ചായത്ത് രാജ് നിയമം256ാം വകുപ്പ് പ്രകാരം ബൈലോ തയ്യാറാക്കി സർക്കാരിൽനിന്ന് അംഗീകാരം വാങ്ങി പരസ്യനികുതി ഈടാക്കുവാനും അതുവഴി തനത്ഫണ്ട് വർധിപ്പിക്കുവാനും ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.ആയത് ഭരണസമിതിയുടെ അടിയന്തിര ശ്രദ്ധയിലേക്ക് കൊണ്ടുവരുന്നു.

## 2-2 ഡി ആന്റ് ഒ ലൈസൻസ് അപാകങ്ങൾ

1. ലൈസൻസ് അപേക്ഷയിൽ വിറ്റുവരവ് കാണിക്കുന്നില്ല.

ഡി ആന്റ് ഒ ലൈസൻസ് അപേക്ഷയിൽ ദിവസേനയുള്ള വിറ്റുവരവ് രേഖപ്പെടുത്തുന്നില്ല. ദിവസേനയുള്ള ശരാശരി വിറ്റുവരവിന്റെ അടിസ്ഥാനത്തിലാണ് ഡി ആന്റ് ഒ ലൈസൻസ് ഫീസ് നിശ്ചയിക്കുന്നത്. (ചട്ടം 7 പട്ടിക II). എന്നാൽ ഡി ആന്റ് ഒ ലൈസൻസ് അനുവദിച്ച പല അപേക്ഷകളിലും ദൈനംദിന വിറ്റുവരവ് രേഖപ്പെടുത്തിയതായി കാണുന്നില്ല.

ഉദാ:-

| പേര് | ആവശ്യം | വാർഡ്/കെട്ടിട നമ്പർ |
|---|---|---|
| കെ.പി ഭരതൻ | ചായക്കച്ചവടം | 21/199 |
| എൻ.കെ സുശീൽ കുമാർ | അനാദി | II/622 |
| കെ.വി സുരേഷ് | വെളിച്ചെണ്ണ കച്ചവടം | I/722 |

2. ചില ഡി ആന്റ് ഒ ലൈസൻസ് അപേക്ഷകളിൽ അന്വേഷണ ഉദ്യോഗസ്ഥർ അന്വേഷണ റിപ്പോർട്ട് എഴുതിയതായി കാണുന്നില്ല.

ഉദാ:-

| പേര് | ആവശ്യം | വാർഡ്/കെട്ടിട നമ്പർ |
|---|---|---|
| ദാവൂദ് കടവൻ | പലചരക്ക് | 8/110 |
| പി. മനോജ് കുമാർ | ഫാൻസി | 5/127 |

3. വാടകക്കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ ഡി ആന്റ് ഒ ലൈസൻസിനുള്ള അപേക്ഷയോടൊപ്പം കെട്ടിട ഉടമയുടെ സമ്മതപത്രം ഹാജരാക്കിയിട്ടില്ല.

ഉദാ:-

| പേര് | ആവശ്യം | വാർഡ്/കെട്ടിട നമ്പർ |
|---|---|---|
| മാനസൻ എൻ.സി | കായക്കച്ചവടം | 5/137 |
| സുനിൽ ടി.എൻ | മരുന്ന് വിൽപ്പന | 5/187 |

ഇത്തരം അപാകതകൾ ആവർത്തിക്കാതിരിക്കുവാൻ ഭാവിയിൽ ശ്രദ്ധിക്കേണ്ടതാണ്.

## 2-3 വസ്തുനികുതി - ഭീമമായ തുക പിരിച്ചെടുക്കാൻ ബാക്കി

വസ്തുനികുതി പരിഷ്കരണ നടപടികൾ പൂർത്തിയാക്കി സഞ്ചയ സോഫ്റ്റ്‌വെയർ വഴി കാലികമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. വാർഷിക കണക്കുകൾ പ്രകാരം (B15 ഷെഡ്യൂൾ) താഴെ പറയും വിധം വസ്തു നികുതി ഈടാക്കാൻ ബാക്കിയുണ്ട്.

| | | |
|---|---|---|
| 1 | വസ്തു നികുതി പാർപ്പിടാവശ്യം (തൻ വർഷം) | 1566141 |
| 2 | വസ്തു നികുതി പാർപ്പിടാവശ്യം (കുടിശ്ശിക) | 2493228 |
| | ആകെ | 40,59,369 (നാൽപ്പത് ലക്ഷത്തി അമ്പത്തൊമ്പ തിനായിരത്തി മുന്നൂറ്റി അറുപത്തി ഒമ്പത് രൂപ) |

ഭീമമായ തുക വസ്തു നികുതിയിനത്തിൽ കുടിശ്ശികയാണ്. ആയത് പിരിച്ചെടുക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. G.O.(P) 210/LSGD തീ. 04.06.2013 പ്രകാരം വസ്തു നികുതി പരിഷ്കരിക്കുമ്പോൾ 14.01.2011 മുതൽ പ്രാബല്യമുള്ളതിനാൽ ആ കാലയളവിലെ നികുതി കൂടി പരിഷ്കരിക്കുമ്പോൾ ഭീമമായ തുക പിരിഞ്ഞു കിട്ടാൻ ബാക്കിയാവും. ഈ കാര്യത്തിൽ പഞ്ചായത്ത് വേണ്ടത്ര ജാഗ്രത കാണിച്ചതായി കാണുന്നില്ല. അടിയന്തിര നടപടി സ്വീകരിച്ച് റവന്യൂ നഷ്ടം ഒഴിവാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 വാഹനം -ഇന്ധനക്ഷമത പരിശോധന നടത്തുന്നില്ല

സർക്കാർ ഉത്തരവ് എം എസ് 170/07ത.സ്വ.ഭ.വ 30-06-2007 പ്രകാരം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ വാഹനങ്ങൾക്ക് ആറുമാസത്തിലൊരിക്കൽ ഇന്ധന ക്ഷമതാ പരിശോധന സർക്കാറിൻെറ മോട്ടോർ വെഹിക്കിൾ ഡിപ്പാർട്ടുമെന്റിലെ ക്ഷമതയുള്ള ഉദ്യോഗസ്ഥനെക്കൊണ്ട് നടത്തിക്കേണ്ടതും ഇന്ധന ഉപയോഗത്തെ സംബന്ധിച്ച ഒരു സർട്ടിഫിക്കറ്റ് ആ ഉദ്യോഗസ്ഥൻ ലോഗ് ബുക്കിൽ രേഖപ്പെടുത്തേണ്ടതുമാണ്. എന്നാൽ ഗ്രാമപഞ്ചായത്തിന്റെ ഔദ്യോഗിക വാഹനമായ കെ. എൽ 13-R-6383 നമ്പർ ബൊലേറോ ജീപ്പിന് ഇപ്രകാരം ചെയ്തു കാണുന്നില്ല.ഇതു സംബന്ധിച്ച നൽകിയ ഓഡിറ്റ് എൻക്വയറിക്കുള്ള മറുപടിയിൽ അടുത്ത് തന്നെ ഇന്ധന ക്ഷമത പരിശോധന നടത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ് എന്നാണ് അറിയിച്ചിട്ടുള്ളത്. ഇത്തരത്തിലുള്ള അപാകതകൾ ആവർത്തിക്കാതിരിക്കുവാൻ ഭാവിയിൽ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

## 3-2 എസ്. എസ്. എ വിഹിതം യു.സി ഹാജരാക്കേണ്ടതാണ്

പ്രൊജക്ട് നം.-53/17

നിർവ്വഹണം- സെക്രട്ടറി

ബിൽ നം.10/26.12.16 – 6,00,000/-

ബിൽ നം.2/28.02.2017 – 4,00,503/-

ആകെ 10,00,503/-

2016-17 വർഷം എസ്.എസ്.എ വിഹിതമായി 10,00,503/- രൂപ എസ്.എസ്.എ പ്രൊജക്ട് ഓഫീസർ കണ്ണൂരിന് കൈമാറിയിട്ടുണ്ട്. ഇതിൽ 28-2-17 ന് കൈമാറിയ 4,00,503/- രൂപയുടെ വിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല. സാക്ഷ്യപത്രം ലഭിക്കുന്ന മുറയ്ക്ക് ഓഡിറ്റിൽ ഹാജരാക്കേണ്ടതാണ്.

## 3-3 ഗുണഭോക്തൃ പട്ടിക വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചില്ല

സർക്കാർ ഉത്തരവ് നമ്പർ 4/2016/ത.സ്വ.ഭ.വ, തീയ്യതി. 11.01.2016 പ്രകാരം പദ്ധതിയുടെ ഭാഗമായി വ്യക്തികൾക്കോ, കുടുംബങ്ങൾക്കോ ആനുകൂല്യം നൽകുന്നതിനുവേണ്ടിയുള്ള ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിന് ഭരണ സമിതി അംഗീകരിച്ച മുൻഗണനാ ലിസ്റ്റ് തദ്ദേശ സ്വയംഭരണ സ്ഥാപനത്തിൻെറ നോട്ടീസ് ബോർഡിലും വെബ്സൈറ്റിലും പ്രസിദ്ധീകരിക്കേണ്ടതാണ് എന്ന് നിഷ്കർഷിക്കുന്നുണ്ട്. എന്നാൽ 2016-17 വർഷം ഗുണഭോക്തൃ പട്ടിക വെബ് സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടില്ല. സർക്കാർ ഉത്തരവിലെ നിബന്ധനകൾ പാലിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 3-4 പദ്ധതി നടപ്പിലേക്കാവശ്യമായ മരുന്ന് സമയബന്ധിതമായി ലഭ്യമാക്കിയില്ല

നിർവഹണ ഉദ്യോഗസ്ഥൻ - മെഡിക്കൽ ഓഫീസർ (ഹോമിയോ)

പ്രോജക്ടിന്റെ പേര്/ നമ്പർ :

1) ഗവ.ഹോമിയോ ഡിസ്പെൻസറിക്ക് മരുന്ന് വാങ്ങൽ, 60/17 അടങ്കൽ – 3,00,000

2) എസ്.സി ഹോമിയോ ഡിസ്പെൻസറിക്ക് മരുന്ന് വാങ്ങൽ , 61/17 അടങ്കൽ – 2,50,000

ബിൽ നമ്പർ , തീയതി തുക:

3/16-17 27.12.16 - 3,00,000 രൂപ

4/16-17 27.12.16 – 2,50,000 രൂപ

മെഡിക്കൽ ഓഫീസർ (ഹോമിയോ) നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ ഗവ.ഹോമിയോ ഡിസ്പെൻസറിക്ക് മരുന്ന് വാങ്ങൽ എന്ന പ്രൊജക്ടിനു വേണ്ടി മെയിന്റനൻസ് ഫണ്ടിൽ നിന്നും 300000 രൂപയും ( ഡി ഡി നമ്പർ 916911/31.12.16) എസ്.സി ഹോമിയോ ഡിസ്പെൻസറിക്ക് മരുന്ന് വാങ്ങുന്നതിനു വേണ്ടി വികസന ഫണ്ടിൽ നിന്നും 2,50,000/- രൂപയും (ഡി ഡി നമ്പർ 916912/31-12-16) കേരള സ്റ്റേറ്റ് ഹോമിയോ കോ-ഓപ്പറേറ്റീവ് ഫാർമസി എന്ന സ്ഥാപനത്തിന് നൽകിയിട്ടുണ്ട്. ഓഡിറ്റിന് ഹാജരാക്കിയ രേഖകൾ പ്രകാരം മരുന്നുകളൊന്നും ലഭ്യമാക്കിയിട്ടില്ല. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം. 02/16-17 ന് മറുപടിയായി മരുന്ന് ലഭ്യമാക്കിയിട്ടില്ലെന്നാണ് അറിയിച്ചത്. മരുന്നുകൾ ഉടൻ ലഭ്യമാക്കുന്നതിനുള്ള തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-5 മരുന്ന് ലഭ്യമാക്കുന്നതിലെ കാലതാമസം

നിർവഹണ ഉദ്യോഗസ്ഥൻ - മെഡിക്കൽ ഓഫീസർ(ഹോമിയോ)

പ്രോജക്ടിന്റെ പേര്/നമ്പർ: അഴീക്കോട് എൻ.എച്ച്.എം ആയുർവേദ ഡിസ്പെൻസറിക്ക് മരുന്ന് വാങ്ങൽ , 0064/17

ചെലവ്: 700000 രൂപ (വികസന ഫണ്ട് 300000 രൂപ ,തനത് ഫണ്ട് 100000 രൂപ,മെയിന്റനൻസ് ഫണ്ട്

300000 രൂപ)

ബിൽ നമ്പർ , തീയതി തുക:

1/16-17 24-10-16 – 300000

2/16-17 24-10-16 – 300000

ചെക്ക് നമ്പർ 0605452 17-06-16 – 100000

ആകെ - 700000രൂ

മെഡിക്കൽ ഓഫീസർ ഹോമിയോ നിർവ്വഹണ ഉദ്യോഗസ്ഥനായി നടത്തിയ അഴീക്കോട് എൻ.എച്ച്.എം ആയുർവേദ ഡിസ്പെൻസറിക്ക് മരുന്ന് വാങ്ങൽ എന്ന പ്രൊജക്ടിനു വേണ്ടി ബിൽ നമ്പർ 2/16-17 പ്രകാരം 300000 രൂപ പിൻവലിച്ച് ഡി ഡി നമ്പർ 915723/24-10-2016 പ്രകാരം സെയിൽസ് മാനേജർ ഔഷധി തൃശ്ശൂർ എന്ന സ്ഥാപനത്തിന് നൽകിയിട്ടുണ്ട്. ഹാജരാക്കിയ രേഖകൾ പ്രകാരം 21.02.2017 ന് ഇൻവോയിസ് നമ്പർ 3011 പ്രകാരം 278464/- രൂപയുടെ മരുന്നുകളാണ് ലഭ്യമായത്. 21536 രൂപയുടെ മരുന്നുകൾ ലഭ്യമായിട്ടില്ല.ഓഡിറ്റ് എൻക്വയറി നം. 03/16-17 ന് മറുപടിയായി 6616/- രൂപയുടെ മരുന്നുകൾ ലഭ്യമാക്കിയതിന്റെ രേഖകൾ കൂടി ലഭിച്ചു. ബാക്കി 14920/- രൂപയുടെ മരുന്നുകൾ ലഭ്യമായിട്ടില്ല. മരുന്നുകൾ ഉടൻ ലഭ്യമാക്കാനുള്ളനടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-6 വിനിയോഗ വിവരങ്ങൾ ലഭ്യമാക്കേണ്ടതാണ്

പ്രോജക്ട് -200/2017 പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി

നിർവഹണം- വെറ്ററിനറി സർജൻ

അടങ്കൽ- 2,82,000/- വികസനഫണ്ട്

30,500/- സംസ്ഥാനാവിഷ്കൃതം

6,25,000/- ഗുണ. വിഹിതം

3,12,500/- മറ്റുള്ളവ

ആകെ- 12,50,000/-

1)ബിൽ നമ്പർ - 1/16-17 dt 17-2-17 1,68,750/-

2)ബിൽ നമ്പർ - 6/16-17 dt 16-3-17 37,500/-

പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതിയുടെ ഭാഗമായി എസ് എൽ ബി പി, ഡെപ്യൂട്ടി ഡയറക്ടറുടെ സ്പെഷൽ ടി എസ് ബി അക്കൗണ്ടിലേക്ക് (719011400000003) ആകെ 2,06,250/- രൂപ 21-2-17, 22-3-17 എന്നീ തീയ്യതികളിലായി കൈമാറിയിട്ടുണ്ട്. പദ്ധതി പൂർത്തിയാക്കുന്ന മുറയ്ക്ക് വിനിയോഗ വിവരം ലഭ്യമാക്കേണ്ടതാണ്.

## 3-7 ഗുണഭോക്തൃസമിതി സമിതി മുഖേന നടപ്പിലാക്കിയ മരാമത്ത് പ്രവൃത്തികളിലെ അപാകങ്ങൾ

സംസ്ഥാന ആസൂത്രണ ബോർഡ് 1999 ഡിസംബറിൽ പ്രസിദ്ധീകരിച്ച ഗുണഭോക്തൃസമിതി മാർഗരേഖയിലെ നിർദേശങ്ങൾ പാലിക്കുന്നില്ല. വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

1) സാങ്കേതിക വിദഗ്ദന്റെ സഹായത്തോടെ ഓരോയിനം പ്രവൃത്തിയുടെയും, അളവ്, നിരക്ക്, എത്ര ദിവസങ്ങൾക്കുള്ളിൽ പൂർത്തിയാക്കണം, ആവശ്യമായയന്ത്രസാമഗ്രികൾ എന്നിവ നിശ്ചയിക്കുന്നില്ല.

2) പ്രവൃത്തി നടത്തുന്നതിനാവശ്യമായ എല്ലാ പണനമിടപാടുകളും ഗുണഭോക്തൃസമിതി കൺവീനറുടെയും, ചെയർമാന്റെയും സംയുക്ത അക്കൗണ്ടിലൂടെ നടത്തുന്നില്ല.

ഉദാ: പ്രോജക്ട് 38/16-17(വടക്കേടം അംഗൻവാടി റിപ്പയർ) കൺവീനർ എസ് പ്രദീപൻ എന്നവരുടെ പേരിൽ അഴീക്കൽ SBT ബ്രാഞ്ചിലെ സിംഗിൾ ഓപ്പറേറ്റിംഗ് അക്കൗണ്ടിന്റെ പകർപ്പാണ് ഫയലിൽ ഉള്ളത്.

3) എല്ലാവർക്കുകൾക്കും അക്കൗണ്ട് ആരംഭിക്കുന്നുണ്ടെങ്കിലും പണമിടപാടുകൾ പ്രസ്തുത അക്കൗണ്ടിലൂടെ തന്നെയാണ് നടത്തുന്നത് എന്ന് വ്യക്തമാക്കുന്ന രേഖകൾ സൂക്ഷിക്കുന്നില്ല.

4) ഒരേ ഫോർമാറ്റിൽ പ്രിന്റ് ചെയ്തതും ഒരേ കൈപ്പടയിലുള്ളതുമായ രസീതുകളാണ് വ്യത്യസ്ത സ്ഥാപനങ്ങളിൽ നിന്നും വാങ്ങുന്ന സാധനങ്ങൾക്ക് നൽകുന്നത് എന്നത് സംശയാസ്പദമാണ്.

5) അതാത് ദിവസം തന്നെ വരവ് ചെലവ് കണക്കുകൾ പുസ്തകത്തിൽ രേഖപ്പെടുത്തുന്നില്ല.

6) പ്രവൃത്തി നിർവഹണത്തിന് കൺവീനർ ദൈനംദിന ഡയറിബുക്ക് സൂക്ഷിക്കുന്നില്ല.

7) പ്രവൃത്തി പൂർത്തീകരിച്ച ശേഷം വരവ് ചെലവ് കണക്കുകൾ അച്ചടിപ്പിച്ച് അംഗങ്ങൾക്ക് നൽകുന്നില്ല.

8) പ്രവൃത്തി പൂർത്തീകരിച്ച ശേഷം ഗുണഭോക്താക്കളുടെ പൊതുയോഗം നോട്ടീസ് വിതരണം നടത്തി വിളിച്ചുകൂട്ടുന്നില്ല.

9) സെലക്ഷൻ നോട്ടീസിൽ തീയ്യതി രേഖപ്പെടുത്തുന്നില്ല.

10) നിർവഹണത്തിന്റെ കാലയളവ് ഫയലിൽ എവിടെയും രേഖപ്പെടുത്തുന്നില്ല.

പ്രവൃത്തി നിർവ്വഹണത്തിലെ സുതാര്യത ഉറപ്പുവരുത്തുന്നതിനും,ബിനാമി ഇടപാടുകൾ തടയുന്നതിനും ആവശ്യമായ മുൻകരുതലുകൾ സ്വീകരിക്കുന്നതിനു വേണ്ടി മേൽ വസ്തുതകൾ ഭരണസമിതിയുടെ ശ്രദ്ധയിൽ കൊണ്ടുവരുന്നു.

## 3-8 പട്ടികജാതി വ്യവസായകേന്ദ്രം പ്രവർത്തനക്ഷമമല്ല - നിഷ്ക്രിയ ആസ്തിയായി തുടരുന്നു

പ്രോജക്ട്- പട്ടികജാതി വ്യവസായകേന്ദ്രം കെട്ടിടം സ്ഥാപിക്കൽ(ബഹുവർഷ പ്രോജക്ട്)

നമ്പർ - 1) 173/13, അടങ്കൽ 13,60,000(SCP)

2) 11/16-17 അടങ്കൽ 7,07,470(SCP)

എഗ്രിമെൻറ് നമ്പർ- 36/12-13 dt 7-2-13

MB. No.- 111/13-14 dt- 5-11-13

141/13-14 dt 5-11-13

115/13-14 dt 5-11-13

ബിൽ നമ്പർ- 8/14-15 dt 5-8-14 – 6,92,530/-

ബിൽ നമ്പർ 34/16-17 dt 30-3-17 – 3,84,775/-

ആകെ 10,77,305/-

ആകെ പ്രവൃത്തി മൂല്യം- 1207920/-

അഴീക്കോട് ഗ്രാമപഞ്ചായത്തിലെ പട്ടികജാതി വ്യവസായകേന്ദ്രം ആരംഭിക്കുന്നതിന് കെട്ടിട നിർമാണം 16-11-2014 ൽ പൂർത്തിയാക്കിയെങ്കിലും, ഫൈനൽ ബിൽ 2016-17 ൽ 11/17നമ്പർ പ്രോജക്ട് പ്രകാരമാണ് നൽകിയത്.എന്നാൽ കെട്ടിടത്തിൽ വയറിംഗ്, പ്ലമ്പിംഗ് വർക്കുകൾ നടത്തിയിട്ടില്ല. കെട്ടിടം വ്യവസായ സംരഭങ്ങൾക്ക് ഉപയോഗിക്കാതെ നിഷ്ക്രിയ ആസ്തിയായി തുടരുന്നു. പദ്ധതിയുടെ ഉദ്ദേശ ലക്ഷ്യം നാളിതുവരെ കൈവരിച്ചിട്ടില്ല എന്നത് ഗൗരവമായി വിലയിരുത്തേണ്ടതാണ്. 2017-18 വർഷത്തെപദ്ധതിയിൽ ഉൾപ്പെടുത്തി പ്രസ്തുതവർക്കുകൾ പൂർത്തീകരിച്ച് സംരംഭങ്ങൾ ആരംഭിക്കുന്നതാണെന്നും സെക്രട്ടറി 9/2016-17 നമ്പർ ഓഡിറ്റ്

അന്വേഷണത്തിന് മറുപടി നൽകിയിട്ടുണ്ട്. എന്നാൽ 2017-18ൽ പ്രസ്തുതവർക്കുകൾ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടില്ലെന്ന വസ്തുത ഭരണസമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു. വ്യവസായ സംരംഭങ്ങൾ ആരംഭിക്കുന്നതിനുള്ള നടപടികൾ എത്രയും പെട്ടെന്ന് പൂർത്തിയാക്കേണ്ടതാണ്.

## 3-9 ഈടാക്കിയ സർവീസ് ടാക്സ് അടവാക്കുന്നില്ല

2016-17ൽ അസിസ്റ്റന്റ് എഞ്ചിനീയർ നിർവഹണം നടത്തിയ താഴെ വിശദമാക്കുന്ന പ്രോജക്ടുകളിൽ നിന്നും സർവീസ് ടാക്സ് ഈടാക്കിയിട്ടുണ്ട്. എന്നാൽ അവ ബന്ധപ്പെട്ട ശീർഷകത്തിൽ അടവാക്കാതെ, ഗ്രാമപഞ്ചായത്തിന്റെ തനതുഫണ്ടിൽ നിക്ഷേപിച്ചിരിക്കുന്നു.ഇതുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണം നമ്പർ 11/16-17 ന് നൽകിയ മറുപടിയിൽ ആയത് സർവീസ് ടാക്സ് രജിസ്ട്രേഷൻ ലഭിച്ചതിനുശേഷം മാത്രമേ അടക്കുവാൻ സാധിക്കുകയുള്ളൂ എന്നും,ബന്ധപ്പെട്ട അധികാരികളിൽ നിന്നും സ്പഷ്ടീകരണം ലഭിച്ചതിനുശേഷം അടക്കുന്നതാണെന്നും അസിസ്റ്റന്റ് എഞ്ചിനീയർ വ്യക്തമാക്കിയിട്ടുണ്ട്.

| ക്രമ നമ്പർ | പ്രോജക്ട്നമ്പർ | വിശദാംശങ്ങൾ | കോൺട്രാക്ടർ | തുക |
|---|---|---|---|---|
| 1 | 140/16-17 | ഗവ.ആയുർവേദ ഡിസ്പെൻസറിക്ക് ഷീറ്റിടൽ | വിജേഷ് സി | 22362 |
| 2 | 160/16-17 | ആയനിവയൽ അംഗൻവാടി അഭിവൃദ്ധിപ്പെടുത്തൽ | സുരേന്ദ്രൻ എൻ | 35677 |
| 3 | 146/16-17 | ഹോമിയോ ആശുപത്രി ചക്കരപ്പാറക്ക് ഭൗതിക സാഹചര്യം മെച്ചപ്പെടുത്തൽ | വിജേഷ് സി | 23036 |
| 4 | 201/16-17 | വയോജന വിശ്രമകേന്ദ്രം | സുരേന്ദ്രൻ എൻ | 27714 |
| 5 | 162/16-17 | ഭഗത്സിംഗ് കോളനി അംഗൻവാടി അറ്റകുറ്റപ്പണി | വിജേഷ് സി | 26614 |
| 6 | 170/16-17 | ചെമ്മരശ്ശേരിപ്പാറ അംഗൻവാടിറിപ്പയർ | ഹരീശൻ പി | 10343 |
| 7 | 158/16-17 | ആറാംകോട്ടം അംഗൻവാടി അറ്റകുറ്റപ്പണി | ഹരീശൻ പി | 13081 |
| | | ആകെ | | 158827 |

സംശയ നിവാരണം നടത്തി സർവീസ് ടാക്സ് ബന്ധപ്പെട്ട ശീർഷകത്തിൽ അടവാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 3-10 ടെണ്ടർ ഫോറം വില ജില്ലാപഞ്ചായത്തിൽ നിന്നും തിരികെ ലഭിക്കുന്നില്ല

2016-17ൽ ഗ്രാമപഞ്ചായത്തിൽ നടപ്പിലാക്കിയ അഞ്ച് ലക്ഷത്തിൽ കൂടുതൽ അടങ്കൽ തുക വരുന്ന 18 പ്രവൃത്തികളുടെ ഇ ടെണ്ടർ ഫോറം വിലയായ 42026/- രൂപ ജില്ലാപഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയരുടെ അക്കൗണ്ടിലാണ് സൂക്ഷിച്ചിരിക്കുന്നത്. ആയത് തിരികെ ലഭിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-11 മരാമത്ത് പ്രവൃത്തികൾ റജിസ്റ്ററുകൾ അപൂർണം

2016-17 വർഷത്തിൽ അസിസ്റ്റന്റ് എഞ്ചിനീയർ നിർവഹണം നടത്തിയ മരാമത്ത് പ്രവൃത്തികളുമായി ബന്ധപ്പെട്ട് എഞ്ചിനീയറിംഗ് വിഭാഗത്തിൽ സൂക്ഷിച്ചിരിക്കുന്ന രജിസ്റ്ററുകൾ പൂർണമല്ല.

1. ബിൽ റജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.
2. കാഷ് ബുക്കിൽ മുഴുവൻ വിവരങ്ങളും രേഖപ്പെടുത്തുന്നില്ല.
3. പ്രോജക്ട് റജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.
4. ടെണ്ടർ ഫോറം റജിസ്റ്റർ, എഗ്രിമെന്റ് റജിസ്റ്റർ എന്നിവയിൽ മുഴുവൻ വിവരങ്ങളും രേഖപ്പെടുത്തുന്നില്ല.
5. നികുതികൾ ഈടാക്കുന്നതും അടവാക്കുന്നതും സംബന്ധിച്ച വിവരങ്ങൾ പ്രത്യേകം തയ്യാറാക്കാത്തതിനാൽ ആയതിന്റെ കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | ലഭിച്ച തുക ₹ | പ്രൊജക്ട് നമ്പർ പേര് | ചെലവഴിച്ച തുക ₹ | നീക്കിയിരിപ്പ് ₹ |
|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 1,41,168 | ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി | 1,41,168 | ഇല്ല |

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

കെ.എസ്.ഇ.ബി. (അഴീക്കോട്) – ₹ 44076/-

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല

## 4-4 വായ്പ/വായ്പ തിരിച്ചടവ്

ഇല്ല

## 4-5 സ്ഥിരനിക്ഷേപങ്ങൾ

| ക്രമ നം. | വിവരങ്ങൾ | തുക | രശീതി നമ്പർ |
|---|---|---|---|
| 1 | ജില്ലാ ഹോസ്പിറ്റൽ സൊസൈറ്റി ഷെയർ | 5000 | 45 |

| | | | |
|---|---|---|---|
| 2 | മലബാർ ടൂറിസം സൊസൈറ്റി | 20000 | 203 |
| 3 | ജില്ലാ കോ ഓപ്പറേറ്റിവ് ബാങ്ക് FD | 848084 | 2836/28-11-09 |
| 4 | അഴീക്കോട് സർവീസ് കോ-ഓപ്പറേറ്റിവ് ബാങ്ക് | 1771488 | 38796/28-11-09 |
| 5 | ജില്ലാ കോ ഓപ്പറേറ്റിവ് ബാങ്ക് FD | 297847 | 238924/31-3-11 |
| 6 | ജില്ലാ കോ ഓപ്പറേറ്റിവ് ബാങ്ക് FD | 443183 | 3295/31-3-11 |
| 7 | ജില്ലാ കോ ഓപ്പറേറ്റിവ് ബാങ്ക് FD | 395680 | 269246/31-3-11 |
| 8 | കേരള ഗ്രാമീൺ ബാങ്ക് | 14,00,000 | 349108/31-3-16 |

പലിശയിനത്തിൽ ₹ 3,42,784/- രൂപ 2016-17 ൽ ലഭിച്ചിട്ടുണ്ട്.

## 4-6 ഓഡിറ്റ് റിക്കവറി

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേര് | രശീത് നമ്പർ/തീയ്യതി |
|---|---|---|---|---|
| 2013-14<br>2014-15 | 2-1(2) | 500 | പി. ജയശ്രീ | 11604104849/29.8.16 |
| 2013-14<br>2014-15 | 2-1(1) | 250 | വിജിന എ പി | 11604105155/5-9-16 |
| 2013-14<br>2014-15 | 2-1(3) | 150 | വിജിത്ത് പി വി | 11604105156/5-9-16 |
| 2013-14<br>2014-15 | 2-1(4) | 150 | ലൽന കെ വി | 11604105157/5-9-16 |
| 2013-14<br>2014-15 | 3-24 | 1491 | അസിസ്റ്റന്റ് എഞ്ചിനിയർ | 11604105672/22.9.16 |
| 2013-14<br>2014-15 | 3-26 | 6922 | അസിസ്റ്റന്റ് എഞ്ചിനിയർ | 11604105673/22.9.16 |
| 2015-16 | 3-1 | 20490 | ശ്രീലേഷ് സി | 11604103930/1.3.17 |
| 2015-16 | 3-5 | 3728 | വിജേഷ് സി(കോൺട്രാക്ടർ) | 11604114125/6.3.17 |

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

ഗ്രാമ പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-)o വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2001-02 | 4 | 2003-04 | 4 | പൊയ്ത്തുംകടവ് സ്വാമി റോഡ് പരിഷ്കരണം | നിലനിൽക്കുന്നു |

| | | | | | |
|---|---|---|---|---|---|
| 2001-02 | 11 | 2003-04 | 11 | മത്സ്യത്തൊഴിലാളി ഇന്ധന സബ്സിഡി | നിലനിൽക്കുന്നു |

## 4-8 ഓഡിറ്റ് പ്രത്യവലോകനം

എ. സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 67352033 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 61497479 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | ഇല്ല |

ബി. പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

സി. ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

ഇല്ല

ഡി. കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഇ. നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

## 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 2001-02 | LF/KNR/C6/1535/2003 dt 12-2-2004 | 2 |
| 2002-03 | LF/KNR/C6/1535/2003 dt 12-2-2004 | 12 |
| 2003-04 | LF/KNR/C1/228/2009 dt 18-3-2009 | 11 |
| 2004-05 | LF/KNR/C1/398/2011 dt 12-12-2011 | 9 |
| 2005-06 | LF/KNR/C11/766/2010 dt 20-8-2010 | 14 |
| 2006-07 | LF/KNR/C11/556/2014 dt 09-5-2013 | 15 |
| 2007-08 | LF/KNR/C8/324/2012dt 27-11-2014 | 13 |
| 2008-09 | LF/KNR/C11/1556/2014 dt 27-11-2014 | 5 |
| 2009-10 | LF/KNR/C11/1556/2014 dt 27-11-2014 | 11 |

| | | |
|---|---|---|
| 2010-11<br>2011-12 | LF/KNR/C11/1211/2013 dt 01-8-2014 | 19 |
| 2012-13 | LF/KNR/C11/1264/2015 dt 16-9-2015 | 6 |
| 2013-14<br>2014-15 | LF/KNR/C11/1428/2016 dt 06-8-2016 | 32 |
| 2015-16 | LF/KNR/C10/1989/2016 dt 07-11-2017 | 19 |

ഡെപ്യൂട്ടി ഡയറക്ടർ

ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ

## അനുബന്ധം-1

## ഓഡിറ്റ് സർട്ടിഫിക്കറ്റ്

കെ .എസ്.എ./കെ.എൻ.ആർ./സി.5/1005/2017

കേരള സംസ്ഥാന ഓഡിറ്റ്

ജില്ലാഓഡിറ്റ് കാര്യാലയം,കണ്ണൂർ

ഇ-മെയിൽ – doknr.ksad@kerala.gov.in

ഫോൺ – 04972-707698

തീയ്യതി – 05.07.2017

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4-ാം വകുപ്പ്, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പ്, ബന്ധപ്പെട്ട ചട്ടങ്ങൾ എന്നിവ അനുസരിച്ചും പഞ്ചായത്ത രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിന് വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ധേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും കണ്ണൂർ ജില്ലയിലെ അഴീക്കോട് ഗ്രാമ പഞ്ചായത്തിന്റെ 2016-17 വർഷത്തെ വാർഷിക ധനകാര്യ

പത്രിക പരിശോധിച്ചതായി സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടികാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ അഴീക്കോട് ഗ്രാമ പഞ്ചായത്തിന്റെ 2016-17 വർഷത്തെ വാർഷിക ധനകാര്യ പത്രിക വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ

APPENDIX - 1

AUDIT CERTIFICATE

No.KSA/KNR/C.5/1005/2017

Kerala State Audit Department,

District Audit Office, Kannur,

Phone 04972-707698

E-Mail. doknr.ksad@kerala.gov.in

Date 05.07.2017

Certified that I have audited the Annual Financial Statement of AZHEEKODE Gramapanchayath in KANNUR

District for the year ended on 31.3. 2017 in accordance with Section 4 of the Kerala Local Fund Audit Act 1994, Section 215 of the Kerala Panchayath Raj Act 1994, the rules made there under and the guidelines issued by the Comptroller and Auditor General of India for the purpose of Audit of accounts of Panchayath Raj Institutions.

In my opinion, the Financial Statements of AZHEEKODE Gramapanchayath for the year 2016-17 except the observations in my Audit report properly presents the picture of income and expenditure.

DEPUTY DIRECTOR

KERALA STATE AUDIT DEPARTMENT

## അനുബന്ധം-2

# AZHEEKODE Grama Panchayath Income & Expenditure statement For the period from 01-April 2016 to 31 March 2017

| Code | Head of Account | Schedule | Amount(Rs.) |
|---|---|---|---|
| Income | | | |
| 110000000 | Tax Revenue | I-1 | 78,48,814.00 |
| 130000000 | Rental Income from panchayath properties | I-3 | 6,35,770.00 |
| 140000000 | Fee &User charges | I-4(b) | 15,26,882.00 |
| 150000000 | Sale &Hire Charges | I-5(b) | 2,30,031.00 |
| 160000000 | Revenue Grants,Funds,Contributions&Compensations | I-6 | 6,74,36,375.00 |
| 170000000 | Income from investments | I-7 | 3,42,784.00 |
| 171000000 | Interest Earned | I-8 | 7,21,794.00 |
| 180000000 | Other Income | I-9 | 14,298.00 |
| A | Total Income | | 7,87,56,748.00 |
| Expenditure | | | |
| 210000000 | EstablishmentExpenses | I-10(b) | 1,08,23,390.00 |

| | | | |
|---|---|---|---|
| 220000000 | Administrative Expenses | I-11(b) | 9,15,048.00 |
| 230000000 | Operations &Maintanance | I-12(b) | 23,98,616.00 |
| 240000000 | Interest &Finance Charges | I-13 | 8,629.00 |
| 250000000 | Decentralised Plan programme – Productive Sector | I-14 | 1,27,76,348.00 |
| 2510000000 | Decentralised Plan programme – Service Sector | I-14(a) | 1,72,74,647.00 |
| 2520000000 | Decentralised Plan programme – Infrastructure Sector | I-14(b) | 18,56,071.00 |
| 253000000 | Decentralised Plan programme – Projects not included in Sector Division | I-14(c) | 4,40,163.00 |
| 254000000 | Expenditures of Transferred Institutions &State Sponsored Schemes (Not included under decentralised plan) | I-14(d) | 1,85,05,361.00 |
| 255000000 | Maintanance Projects | I-14(e) | 46,99,558.00 |
| 272000000 | Depreciation | I-17(a) | 84,89,691.00 |
| B | Total – Expenditure | | 7,81,87,522.00 |
| C=A-B | Gross Surplus/ Deficit of Income over Expenditure | | 5,69,226.00 |
| D=280000000 | Prior period Item | I-18 | (29,94,939.00) |
| E=C-D<br>290000000 | Gross Surplus/Deficit of Income over Expenditure after prior period items<br>Transfer to reserve funds | | 35,64,165.00 |
| | Net balance being surplus/Deficit carried over to balance sheet(Panchayat Fund) | | |

DEPUTY DIRECTOR

## അനുബന്ധം-3

# Azhikode Grama Panchayath Receipt And Payment Statement For the period from 01 April 2016 to 31 March 2017

| Code | Head Account | Schedule | Amount(Rs.) |
|---|---|---|---|
| | Opening Balance | | |
| | Bank | RP-40(a) | 4,30,30,693.55 |
| | Cash | RP-40(a) | 1,22,932.00 |
| Receipts | | | |
| Operating | | | |
| 110000000 | Tax evenue | RP- 1 | 18,23,940.00 |
| 130000000 | Rental Income from panchayath Properties | RP-3 | 3,250.00 |
| 140000000 | Fees &User Charges | RP- 4 | 12,11,457.00 |

| | | | |
|---|---|---|---|
| 150000000 | Sale &Hire Charges | RP- 5 | 2,30,031.00 |
| 160000000 | Revenue Grants, Funds, Contributions &Compensations | RP- 7 | 1,77,05,524.00 |
| 171000000 | Interest Earned | RP- 9 | 7,21,794.00 |
| 320000000 | Grants,Funds &Contributions for specific purposes | RP- 31 | 3,58,57,622.00 |
| 350000000 | Other Liabilities | RP-36 | 2,77,277.00 |
| Non Operating | | | |
| 180000000 | Other Income | RP- 10 | 14,298.00 |
| 311000000 | Earmarked Funds | RP-29 | 21,338.00 |
| 320000000 | Grants, Funds & Contributions for specific purposes | RP-31 | 1,90,000.00 |
| 340000000 | Deposits Received | RP- 34 | 2,39,311.00 |
| 350000000 | Other Liabilities | RP- 36 | 4,21,356.00 |
| 431000000 | Sundry Debtors(Receivables) | RP- 43 | 65,11,254.00 |
| 460000000 | Loans,Advances and Deposits | RP- 47 | 21,23,581.00 |
| Grand Total | | | 11,05,05,658.55 |

| Payments | | | |
|---|---|---|---|
| Operating | | | |
| 210000000 | EstablishmentExpenses | RP-11 | 34,63,390.00 |
| 220000000 | Administrative Expenses | RP-12 | 9,14,868.00 |
| 230000000 | Operatations &Maintanance | RP-13 | 23,98,616.00 |
| 250000000 | Decentralised plan programme – Productive Sector | RP-15 | 47,04,858.00 |
| 251000000 | Decentralised plan programme – Service Sector | RP-16 | 1,78,64,648.00 |
| 252000000 | Decentralised plan programme – Infrastructure Sector | RP-17 | 18,56,071.00 |
| 253000000 | Decentralised plan programme –Projects not included in sector | RP-18 | 4,40,163.00 |
| 254000000 | Expenditure of Transferred Institutions and State Sponsored Scheme | RP-19 | 18,95,581.00 |
| 255000000 | Maintanance Projects | RP-20 | 46,99,558.00 |
| 280000000 | Prior Period Item | RP-26 | -45,459.00 |
| 320000000 | Grants,Funds &Contributions for Specific Purposes | RP-31 | 1,57,000.00 |

| | | | |
|---|---|---|---|
| | | | |
| 350000000 | Other Liabilities | RP-36 | 52,47,980.00 |
| Non Operating | | | |
| 240000000 | Interest &Finance Charges | RP-14 | 8,629.00 |
| 311000000 | Earmarked Funds | RP-29 | 6,000.00 |
| 340000000 | Deposits Received | RP-34 | 51,000.00 |
| 350000000 | Other Liabilities | RP-36 | 19,13,110.00 |
| 410000000 | Fixed Assets | RP-38 | 1,17,23,125.00 |
| 412000000 | Capital Work In Progress | RP-40 | 4,93,580.00 |
| 410000000 | Investments | RP-41 | 14,00,000.00 |
| 460000000 | Loans,Advances and Deposits | RP-47 | 23,04,761.00 |
| | Closing Balance | | |
| | Bank | RP-40(b) | 4,90,08,179.55 |
| | Cash | RP-40(b) | 0.00 |
| Grand Total | | | 11,05,05,658.55 |

DEPUTY DIRECTOR

## അനുബന്ധം-4

# Azhikode Grama Panchayath Balance Sheet As on 31 March, 2017

| Code No | Description of Items | Schedule No | Amount |
|---|---|---|---|
| LIABILITIES | | | |
| | Reserve &surplus | | |
| 310000000 | Panchayat Funds | B-1 | 4,84,75,834.72 |
| 311000000 | Earmarked Funds | B-2 | 23,750.00 |
| 312000000 | Reserves | B-3 | 6,22,83,259.00 |
| | Total Reserve &surplus | | 11,07,82,843.72 |
| | Grants,Contributions for specific purposes | | |
| 320000000 | Grants,Funds &Contributions for Specific Purposes | B-4 | 31,04,117.01 |

| | | | |
|---|---|---|---|
| | Total Grants,Funds & Contributions for Specific Purposes | | 31,04,117.01 |
| | Current Liabilities and Provisions | | |
| 340000000 | Deposits Received | B-7 | 24,06,703.00 |
| 341000000 | Deposit Works | B-8 | 0.00 |
| 350000000 | Other Liabilities | B-9 | 21,51,091.82 |
| | Total Current Liabilities and Provisions | | 45,57,794.82 |
| | Total Liabiliities | | 11,84,44,755.55 |
| ASSETS | | | |
| | Fixed Assets | | |
| 410000000 | Fixed Assets | B-11 | 8,26,24,466.00 |
| 411000000 | Accumulated Depreciation | B-11 | (2,32,75,049.00) |
| 412000000 | Capital Work In Progress | B-11(a) | 4,93,580.00 |
| | Total Fixed Assets | | 5,98,42,997.00 |
| 420000000 | Investments | B-12 | 55,24,066.00 |
| | Total Investments | | 55,24,066.00 |
| | Current Assets,Loans and Advances | | |
| 431000000 | Sundry Debtors (Receivables) | B-15 | 40,24,607.00 |
| 450000000 | Cash and Bank balance | B-17 | 4,90,08,179.55 |
| 460000000 | Loans,Advances and Deposits | B-18 | 44,906.00 |

| | | | |
|---|---|---|---|
| | Total Current Assets, Loans and Advances | | 5,30,77,692.55 |
| | Total Assets | | 11,84,44,755.55 |

DEPUTY DIRECTOR